**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 267** **12-10-2026-ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേംകുമാർ ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് ജില്ലയിൽ നിലവിൽ എത്ര 'സുഭിക്ഷ ഹോട്ടലുകൾ' പ്രവർത്തിച്ചുവരുന്നുണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**മറുപടി:** പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം, ഷൊർണ്ണൂർ, ആലത്തൂർ എന്നീ നിയോജക മണ്ഡലങ്ങളിലായി മൂന്ന് സുഭിക്ഷ ഹോട്ടലുകളാണ് പ്രവർത്തിച്ചു വരുന്നത്.

**(ബി)** സുഭിക്ഷ ഹോട്ടലുകൾക്ക് ലഭിക്കേണ്ട സബ്സിഡി തുക കൃത്യമായി നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** സുഭിക്ഷ ഹോട്ടലുകൾക്ക് ലഭിക്കേണ്ട സബ്സിഡി തുക, ക്ലെയിമുകൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ നൽകി വരുന്നുണ്ട്. വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി, ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആരംഭിച്ചിട്ടുള്ള സുഭിക്ഷ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും കിലോഗ്രാമിനു 10.90 രൂപ നിരക്കിൽ അരി അനുവദിച്ചിട്ടുള്ളതാണ്. സുഭിക്ഷ ഹോട്ടൽ സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതിചാർജ്, വെള്ളക്കരം എന്നിവയും ശുചീകരണത്തിനുള്ള ചെലവും നൽകി വരുന്നുണ്ട്. വിതരണം ചെയ്യുന്ന ഊണൊന്നിന് 5/-രൂപ നിരക്കിൽ സബ്സിഡിയും അനുവദിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**